**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 476** **10-02-2025 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ദുരിതബാധിതർക്കായി അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി 2024-25 സാമ്പത്തിക വർഷം ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയത് എന്നറിയിക്കുമോ; | (എ) | 1)എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള സമഗ്ര പാക്കേജ് (സ്നേഹ സാന്ത്വനം)പദ്ധതിയ്ക്കായി 2235-60-200-72(04) പ്ലാൻ ശീർഷകത്തിൽ 17,00,00,000/- (പതിനേഴ് കോടി രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്.<br><br>2) 2235-60-200-83 പ്ലാൻ എന്ന ശീർഷകത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ എന്ന പദ്ധതിയിൽ നിന്ന് 40,35,430/-രൂപ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ ഉന്നമനവും പുനരധിവാസവും ലക്ഷ്യമിട്ടുള്ള സഹജീവനം സ്നേഹഗ്രാമം എന്ന പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.<br><br>3)2235-02-104-81 നോൺ പ്ലാൻ എന്ന ശീർഷകത്തിൽ കോടതി വിധി പ്രകാരം എൻഡോസൾഫാൻ ഇരകൾക്കുള്ള ധനസഹായം എന്ന പദ്ധതിക്കായി 1000 രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര തുക അനുവദിച്ചു എന്ന് വിശദമാക്കുമോ? | (ബി) | 1)എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള സമഗ്ര പാക്കേജ് (സ്നേഹ സാന്ത്വനം)പദ്ധതിയ്ക്കായി 2235-60-200-72(04) പ്ലാൻ ശീർഷകത്തിൽ 17,00,00,000/- (പതിനേഴ് കോടി രൂപ മാത്രം) രൂപ വകയിരുത്തിയതിൽ 16.71കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>2)2235-60-200-83 പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും സഹജീവനം സ്നേഹഗ്രാമം എന്ന പദ്ധതിക്കായി 27,09,916/- രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 3) 2235-02-104-81 നോൺ പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും എൻഡോസൾഫാൻ ദുരിത ബാധിതയായിരുന്ന മരണമടഞ്ഞ കുമാരി ആൻമരിയയുടെ രക്ഷിതാക്കളെടുത്ത ബാങ്ക് വായ്പ എഴുതിതള്ളുന്നതിനായി അധിക ധനാനുമതിയായി 4,04,000/- രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ